പയ്യന്നൂർ ഖാദികേന്ദ്രം ജീവനക്കാരുടെ ശമ്പളവും അലവൻസും

168 [T5313] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദിഗ്രാമ വ്യവസായ ബോർഡിന് നൽകുന്ന ജനറൽ അഡ്മിനിസ്ട്രേഷൻ ഗ്രാന്റിന്റെ പരിധിയിൽ പയ്യന്നൂർ ഖാദികേന്ദ്രം ജീവനക്കാരുടെ ശമ്പളവും അലവൻസും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) 82 ടെക്നിക്കൽ ജീവനക്കാരും 29 മറ്റു സ്ഥിരം ജീവനകാരും 27 ദിവസ വേതനക്കാരും അടക്കം 138 ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യവും നൽകുവാനുള്ള സാമ്പത്തിക ബാദ്ധ്യത ഖാദി ബോർഡിനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ;

(സി) ഖാദി ബോർഡിന്റെ കീഴിലെ പയ്യന്നൂർ കേന്ദ്രം ഒഴികെയുള്ള പ്രോജക്ടുകളിലെ ജീവനക്കാരുടെ ശമ്പളം ഖാദി ബോർഡ് നേരിട്ടുതന്നെയാണ് നൽകുന്നതെന്ന കാര്യം ഗവൺമെന്റിന് അറിയുമോ;

(ഡി) പയ്യന്നൂർ ഖാദികേന്ദ്രം ട്രെയിനിംഗ് സെന്റർ ആണെന്നുള്ള വിവേചനം അവസാനിപ്പിച്ച് ഇവിടുത്തെ ജീവനക്കാർക്ക് ബോർഡ് നേരിട്ട് ശമ്പളവും ആനുകൂല്യങ്ങളും നൽകുവാൻ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഇല്ല. എന്നാൽ പയ്യന്നൂർ ഖാദി കേന്ദ്രത്തിന് വിട്ടുകൊടുത്ത 12 ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ഖാദി ബോർഡ് നൽകിവരുന്നു.

(ബി) പയ്യന്നൂർ കേന്ദ്രത്തിന് പ്രത്യേകമായുള്ള ജീവനക്കാർക്ക് ആനുകൂല്യം നൽകാനുള്ള തുക സംസ്ഥാന സർക്കാരിന്റെ നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) അറിയാം.

(ഡി) പയ്യന്നൂർ ഖാദികേന്ദ്രം ജീവനക്കാർക്ക് ബോർഡ് നേരിട്ട് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

ഇൻഡസ്ട്രിയൽ ഖാദി കോംപ്ലക്സിൽ സ്ഥിരനിയമനത്തിന് നടപടി

169 [5314] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കേരളാ ഖാദി വ്യവസായ ബോർഡിന്റെ കീഴിലുള്ള ഖാദി ഇൻഡസ്ട്രിയൽ കോംപ്ലക്സിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly